IT

LAB on 08.07.13

പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3866

25.6.2013 ൽ
മറുപടിയ്ക്ക്

ഏകീകൃത ഐ.റ്റി. ടൗൺഷിപ്പുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ ;<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ;<br>ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. പി.എ. മാധവൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ ഐ.ടി. അടിസ്ഥാനപ്പെടുത്തിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് ഐ.ടി. അടിസ്ഥാനപ്പെടുത്തിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഐ.ടി. നയം 2012 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റി ഒരു ഏകീകൃത ഐ.ടി. ടൗൺഷിപ്പാണ്. കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം ഐ.ടി. അടിസ്ഥാനമാക്കിയുള്ള ടൗൺഷിപ്പായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ സ്വകാര്യ ഐ.ടി/ ഹൈടെക് പാർക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) സംസ്ഥാനത്ത് ഐ.ടി. അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് ഈ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് പ്രധാന ലക്ഷ്യം. ഐ.ടി. മേഖലയിലെ തൊഴിലാളികൾക്ക് റസിഡൻഷ്യൽ അപ്പാർട്ടമെൻറ്സ്, ഷോപ്പിംഗ് മാളുകൾ, ബാങ്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, മൾട്ടിപ്ലക്സുകൾ, ഹോട്ടലുകൾ എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുമിച്ച് ഏർപ്പെടുത്തിക്കൊണ്ട് ഒരു വാക്ക് ടു വർക്ക് എന്ന ലക്ഷ്യമാണ് ഐ.ടി. ടൗൺഷിപ്പിനുള്ളത്. |
| സി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിന് ഏകജാലക | സി) ഐ.ടി. നയം 2012 അനുസരിച്ച് ഐ.ടി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്തുമോ ; വിശദമാക്കുമോ ; | | ടൗൺഷിപ്പുകൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | തിരുവനന്തപുരം പള്ളിപ്പുറത്ത് ആരംഭിക്കുന്ന ടെക്നോസിറ്റി ടൗൺഷിപ്പ് പദ്ധതിയുടെ നോഡൽ ഏജൻസിയായി ടെക്നോപാർക്കിനെയും കൊച്ചിയിൽ ആരംഭിക്കുന്ന ടൗൺഷിപ്പ് പദ്ധതിയുടെ നോഡൽ ഏജൻസിയായി കൊച്ചി ഇൻഫോപാർക്കിനെയും ചുമതലപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ